പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 694 16.07.2012ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക് നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. ജോർജ് | ശ്രീ.പി.കെ.അബ്ദുറബ്ബ് (ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| " എം.വി. ശ്രേയാംസ് കുമാർ | |
| " റോഷി അഗസ്റ്റിൻ | |
| " ഡോ. എൻ. ജയരാജ് | |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക്ക് നിലവാരത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) പഠനം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് എൻജിനിയറിങ് കോളേജുകളിൽ മെച്ചപ്പെട്ട അക്കാദമിക് നിലവാരമാണുള്ളത് .അതേസമയം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ചിലതിന്റെ അക്കാദമിക് നിലവാരം മോശമാണെന്ന പരാതി ഉയർന്നതിനെത്തുടർന്നു എൻജിനീയറിങ് കോളേജുകളുടെ അക്കാഡമിക് നിലവാരത്തെക്കുറിച്ച് പഠനം നടത്തുവാൻ 22-9-11 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.പ്രസ്തുത |

| | |
|---|---|
| | കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളുമായി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച നടത്തുകയും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ സർക്കാർ നല്കുകയും ചെയ്തിട്ടുണ്ട്.ഗുണനിലവാരം സംബന്ധിച്ച് കർശനമായ നിബന്ധനകളും പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും, കോഴ്സുകളും ആരംഭിക്കുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിനായി സാങ്കേതികവിദഗ്ധരും വിദ്യാഭ്യാസ വിചക്ഷണരുമടങ്ങിയ ഒരു എക്സ്പേർട്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിനും ഫലപ്രദമായ നിയന്ത്രണ സംവിധാനം സൃഷ്ടിക്കുന്നതിനുമായി ഒരു സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പഠന | (ബി) പ്രായോഗിക തലത്തിൽ പരിജ്ഞാനം നൽകുവാൻ വേണ്ടി എല്ലാ എഞ്ചിനീയറിംഗ് |

ത്തോടൊപ്പം പ്രായോഗിക തലത്തിൽ പരിജ്ഞാനം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

കോളേജുകളിലും ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇൻർ ആക്ഷൻ സെൽ രൂപീകരിച്ചു. വ്യവസായങ്ങളുമായി കൂട്ടുചേർന്ന് പ്രവർത്തിക്കാൻ ഈ സെൽ നേതൃത്വം കൊടുക്കുന്നു. ഇതു കൂടാതെ ടെക്നോളജി ബിസിനസ് ഇൻക്യൂബേറ്റർ(റ്റി.ബി.ഐ) ചില കോളേജുകളിൽ സ്ഥാപിയ്ക്കാൻ എം.എച്ച്.ആർ.ഡി. യുടെ ധനസഹായം ലഭിച്ചിട്ടുണ്ട്. ഇതു വഴി കുട്ടികൾക്ക് എന്റർപ്രണേഴ്സ് ആകാനുള്ള സാദ്ധ്യത തെളിഞ്ഞു കിട്ടും. കൂടാതെ ടെക്നോളജി റിസർച്ച് പാർക്ക് കോളേജുകളിൽ സ്ഥാപിയ്ക്കുവാനുള്ള സംരംഭങ്ങളും നടന്നുവരുന്നു.

സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാനുതകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സി) ഇതിനായി നിലവിൽ ഫിനിഷിംഗ് സ്കൂൾ കോളേജുകളിൽ ഉണ്ട്. 'ടെക്യൂപ്പ്' എന്ന വേൾഡ് ബാങ്ക് പ്രോജക്റ്റിന്റെ സഹായത്തോടെ പല കോളേജുകളിലും കുട്ടികൾക്ക് സ്പെഷ്യൽ ട്രെയിനിംഗ് കൊടുക്കുവാനുള്ള സംവിധാനവും ഉണ്ട്.

സെക്ഷൻ ഓഫീസർ